# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3105** — **28.01.2014 ൽ മറുപടിക്ക്**

### മുപ്പൈനാട് ഗ്രാമപഞ്ചായത്തിൽ മാവേലി സ്റ്റോർ

| ചോദ്യം<br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ: | | ഉത്തരം<br>ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ) |
| --- | --- | --- |
| (എ) | കൽപ്പറ്റ നിയോജക മണ്ഡലത്തിലെ മുപ്പൈനാട് ഗ്രാമപഞ്ചായത്തിൽ മാവേലി സ്റ്റോർ അനുവദിക്കുന്നതിനുള്ള നടപടി വിശദമാക്കുമോ; | (എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ മുപ്പൈനാട് ഗ്രാമപഞ്ചായത്തിൽ നിലവിൽ മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നില്ല. ആയതിനാൽ സപ്ലൈകോയുടെ നിലവിലെ മാനദണ്ഡമനുസരിച്ചുള്ള 500 സ്ക്വയർ ഫീറ്റിൽ കുറയാത്ത ഉചിതമായ കെട്ടിടം വാടക രഹിതമായി പഞ്ചായത്ത് ലഭ്യമാക്കേണ്ടതാണ്. കൂടാതെ 1 ലക്ഷം രൂപ കമ്പ്യൂട്ടറിനും ഫർണിഷിംഗിനുമായി നൽകേണ്ടതാണ്. മേൽപ്പറഞ്ഞ സൗകര്യങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് മുപ്പൈനാട് ഗ്രാമ പഞ്ചായത്തിൽ മാവേലി സ്റ്റോർ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത മാവേലി സ്റ്റോർ ആരംഭിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പഞ്ചായത്ത് തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിക്കൊണ്ടുള്ള ഗ്രാമപഞ്ചായത്തിന്റെ പ്രമേയം ലഭിച്ചിട്ടില്ല. കൂടാതെ കമ്പ്യൂട്ടറിനും ഫർണിഷിംഗിനുമായി നൽകേണ്ട ഒരു ലക്ഷം രൂപയും ലഭ്യമാക്കിയിട്ടില്ല. |
| (സി) | പ്രസ്തുത സ്ഥലത്ത് മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) അടിസ്ഥാന സൗകര്യങ്ങൾ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കുന്ന മുറയ്ക്ക് മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

Beena

സെക്ഷൻ ഓഫീസർ